# *പ്രബോധനം* പുതുമകളോടെ

**ഒരുവശത്ത്** മത-ദൈവാദി ആത്മീയ മൂല്യങ്ങളെ മലീമസമാക്കിക്കൊണ്ടിരിക്കുന്ന അന്ധവിശ്വാസങ്ങളും അനാചാരങ്ങളും, മറുവശത്ത് ജീവിതത്തിന്റെ സാമൂഹിക, സാംസ്കാരിക, സാമ്പത്തിക, രാഷ്ട്രീയ മണ്ഡലങ്ങളിൽ തേർവാഴ്ച നടത്തുന്ന ആധുനിക ഭൗതിക ദർശനങ്ങൾ. ഈ രണ്ടു ജാഹിലിയ്യത്തിനുമെതിരെ സമരകാഹളം മുഴക്കിക്കൊണ്ടാണ് *പ്രബോധനം* രംഗത്തുവന്നത്. ജനമനസ്സുകളെ ആത്മീയ യാഥാർഥ്യങ്ങളിലേക്കും ധർമ-നീതികളിലേക്കും ഉണർത്തുകയാണതിന്റെ ലക്ഷ്യം. അതുതന്നെയാണ് മുസ്ലിംകളോട് അല്ലാഹു കൽപിച്ചിട്ടുള്ള 'അല്ലാഹുവിലേക്ക് ക്ഷണിക്കലും നന്മ കൽപിക്കലും തിന്മ വിലക്കലും'. കഴിഞ്ഞ ആറു പതിറ്റാണ്ടായി അസത്യത്തിന്റെയും അധർമത്തിന്റെയും അന്ധകാരങ്ങളിലേക്ക് സത്യത്തിന്റെ തൂവെളിച്ചമായി, നന്മയെ സ്നേഹിക്കുന്നവർക്ക് നേരിന്റെ കൈത്തിരിയായി, ജീവിതമൂല്യങ്ങളെക്കുറിച്ച് ഗാഢസുഷുപ്തിയിലാണ്ട മനസ്സുകൾക്കും മസ്തിഷ്ക്കങ്ങൾക്കും ഉണർത്തു പാട്ടായി, അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ പടവാളായി *പ്രബോധനം* കേരളത്തിന്റെ സാംസ്കാരിക മണ്ഡലത്തിൽ പരിലസിച്ചുവരുന്നു.

സങ്കീർണമായ ആധുനിക ജീവിതപ്രശ്നങ്ങളെ സമഗ്രമായി സ്പർശിക്കുന്ന വൈവിധ്യവും വൈശദ്യവുമാർന്ന ചർച്ചകളാൽ *പ്രബോധനം* കുറെക്കൂടി സമ്പുഷ്ടമാകണമെന്ന ആവശ്യം ഉയർന്നു തുടങ്ങിയിട്ട് കുറേ കാലമായി. ഞങ്ങളത് മനഃപൂർവം അവഗണിക്കുകയായിരുന്നില്ല. ഉള്ളടക്കം പുഷ്ടിപ്പെടുത്താൻ പേജുകൾ വർധിപ്പിക്കണം. പേജ് വർധന വില വർധനയെ അനിവാര്യമാക്കും. അത് വായനക്കാർക്ക് ഭാരമായാലോ? ഇതായിരുന്നു ഞങ്ങളെ പിന്തിരിപ്പിച്ചത്. ഇപ്പോൾ പക്ഷേ, പേജ് വർധിപ്പിച്ചില്ലെങ്കിലും വില വർധന അനിവാര്യമായിത്തീർന്നിരിക്കുകയാണ്. അതുകൊണ്ട് വായനക്കാരുടെ ആവശ്യവും *പ്രബോധന*ത്തിന്റെ അനിവാര്യതയും ഒന്നിച്ചു പരിഗണിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ഈ നവംബർ ആദ്യ ലക്കം മുതൽ *പ്രബോധനം* വാരിക ഇപ്പോഴുള്ള 44 പേജിൽനിന്ന് 52 പേജായി വർധിപ്പിച്ച് കൂടുതൽ വിജ്ഞാനപ്രദമായ ഉള്ളടക്കത്തോടെ, കൂടുതൽ ആകർഷകമായ കെട്ടിലും മട്ടിലുമായിരിക്കും നിങ്ങളുടെ കൈകളിലെത്തുക.

സാമ്പത്തികലാഭം ലക്ഷ്യമാക്കി വ്യവസായാടിസ്ഥാനത്തിൽ പ്രസിദ്ധീകരിക്കുന്ന പത്രമല്ല *പ്രബോധന*മെന്ന് വിശേഷിച്ച് പറയേണ്ടതില്ലല്ലോ. എന്നാൽ സ്വന്തം കാലിൽ നിൽക്കാൻ അത് ശ്രദ്ധിച്ചുപോന്നിട്ടുണ്ട്. പത്രത്തിന്റെ വിറ്റുവരവിനെയും പരസ്യക്കൂലിയെയും ആശ്രയിച്ചുതന്നെയാണ് ഇതഃപര്യന്തം അത് നിലനിന്നിട്ടുള്ളത്. സ്ഥിര വരുമാനമുള്ള മറ്റു മൂലധനങ്ങളൊന്നും അതിനില്ല. ബഹുജനങ്ങളിൽനിന്ന് പ്രവർത്തനഫണ്ട് പിരിക്കേണ്ട അവസ്ഥയും ഇതുവരെ ഉണ്ടായിട്ടില്ല. ഇങ്ങനെ മുന്നോട്ടുപോകാൻ പത്രത്തിന്റെ വരവും ചെലവും സമീകൃതമായിരിക്കേണ്ടതുണ്ട്. വർധിച്ചുവരുന്ന ഉൽപാദനച്ചെലവിനെ നേരിടാൻ വില വർധിപ്പിക്കുക മാത്രമേ മാർഗമുണ്ടായിരുന്നുള്ളൂ. 2001ലാണ് അവസാനമായി *പ്രബോധനം* വില വർധിപ്പിച്ചത്. കഴിഞ്ഞ ഏഴു വർഷങ്ങൾക്കുള്ളിൽ പത്രത്തിന്റെ ഉൽപാദനച്ചെലവ് ഗണ്യമായി വർധിച്ചിട്ടുണ്ട്. 2003ൽ ടണ്ണിന് 24250 രൂപയായിരുന്ന ന്യൂസ് പ്രിന്റിന്റെ ഇപ്പോഴത്തെ വില 41250 രൂപയാണ്. തപാൽ കൂലിയൊഴിച്ചുള്ള മറ്റു ചെലവുകളും ഏറെ വർധിച്ചിരിക്കുന്നു. അതിനാൽ *പ്രബോധന*ത്തിന്റെ വരവും ചെലവും തമ്മിൽ പൊരുത്തപ്പെടാതായിട്ട് കുറെനാളായി. ഈ ഭാരം *പ്രബോധന*ത്തിന് ഇനിയും ഒറ്റക്ക് താങ്ങാനാവാത്ത അവസ്ഥ സംജാതമായിരിക്കുകയാണ്. പേജ് വർധിപ്പിക്കുക എന്ന വായനക്കാരുടെ ആവശ്യം നടപ്പിലാക്കുമ്പോൾ അധികച്ചെലവിന്റെ ഒരു ഭാഗം വായനക്കാരുമായി പങ്കുവെക്കുകയാണ് ഞങ്ങൾ. 2008 നവംബർ ആദ്യ ലക്കം മുതൽ വാരികയുടെ വില എട്ടു രൂപയായിരിക്കും. 1998-ൽ *പ്രബോധന*ത്തിന്റെ വരുമാനത്തിൽ മിച്ചമുണ്ടായപ്പോൾ, വാരികയുടെ വില വർധിപ്പിക്കാതെ 25 ശതമാനം പേജുകൾ വർധിപ്പിച്ചുകൊണ്ട് ആ മിച്ചം വായനക്കാരുമായി പങ്കുവെച്ച ചരിത്രം അനുസ്മരണീയമാണ്. സാഹചര്യം അനുകൂലമാവുകയാണെങ്കിൽ *പ്രബോധന*ത്തിന്റെ ഭാഗത്തുനിന്ന് അത്തരം നടപടികൾ ഇനിയും പ്രതീക്ഷിക്കാം.

ഇസ്ലാമിന്റെ അർഥവും മഹത്വവും സാമാന്യജനങ്ങൾക്ക് പകർന്നു കൊടുക്കുന്നതിൽ *പ്രബോധന*ത്തോളം വിജയിച്ച മറ്റൊരു പ്രസിദ്ധീകരണവുമില്ലെന്ന് ഈ പത്രത്തെ അടുത്തറിഞ്ഞവരാരും നിസ്സങ്കോചം സമ്മതിക്കും. നടേ സൂചിപ്പിച്ചപോലെ, അല്ലാഹു ഓരോ വിശ്വാസിയോടും കൽപിച്ചിട്ടുള്ള 'ഇസ്ലാമിക പ്രബോധനം' എന്ന മഹത്തായ കർത്തവ്യമാണ് *പ്രബോധനം* നിർവഹിച്ചുകൊണ്ടിരിക്കുന്നത്. ആ ഒരു കാരണം കൊണ്ടുതന്നെ അല്ലാഹുവിന്റെ കൽപനയെക്കുറിച്ച് ബോധമുള്ള എല്ലാവരുടെയും സഹായ സഹകരണങ്ങൾ *പ്രബോധനം* അർഹിക്കുന്നുണ്ട്. കഴിഞ്ഞ കാലങ്ങളിൽ ഗുണകാംക്ഷികളുടെ സഹായ സഹകരണങ്ങൾ വിപുലമായ തോതിൽ ലഭിച്ചിട്ടുണ്ട് എന്ന കാര്യം *പ്രബോധനം* കൃതജ്ഞതാപൂർവം അനുസ്മരിക്കുന്നു. തുടർന്നും അതുണ്ടാകുമെന്ന് ഞങ്ങൾക്കുറപ്പുണ്ട്. ഈ നവംബർ 1 മുതൽ 15 വരെ *പ്രബോധനം* അതിന്റെ പ്രചാരണപക്ഷമാചരിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. പത്രബന്ധുക്കൾക്കും വായനക്കാർക്കും *പ്രബോധന*ത്തെ സഹായിക്കാനുള്ള ഒരവസരമാണിത്. പുതിയ വരിക്കാരെയും വായനക്കാരെയും കണ്ടെത്താൻ *പ്രബോധന*ത്തിന്റെ ഗുണകാംക്ഷികൾ ഈ വർഷം പൂർവോപരി ഉത്സാഹത്തോടെ പ്രവർത്തിക്കണമെന്ന് അഭ്യർഥിക്കുകയാണ്. നമ്മുടെ പരിശ്രമങ്ങൾ സർവശക്തനായ അല്ലാഹു പരലോകത്ത് പ്രതിഫലാർഹമായ സൽക്കർമങ്ങളായി സ്വീകരിക്കുമാറാകട്ടെ-ആമീൻ ■